

# പേരാമ്പ്ര സെന്റ് ആന്റണീസ് ഇടവക

ചാലക്കുടിസെന്റ് മേരീസ് ഇടവകയുടെകീഴിലായിരുന്നു പേരാമ്പ്ര. എ.ഡി. 1820 ആയപ്പോഴേക്കും ഞായറാഴ്ച കുർബാനയ്ക്കും മറ്റു അത്യാവശ്യങ്ങൾക്കും ഒരു കുരിശുപള്ളിയെങ്കിലും വേണമെന്ന ആഗ്രഹം പേരാമ്പ്രയിൽ വളരെ പ്രബലമായി. ഇപ്പോൾ പൊളിച്ചുമാറ്റിയ പള്ളിയുടെ തെക്കുമാറിയായിരുന്നു വെള്ളപ്പനമ്പ് മറച്ച് ഞായറാഴ്ചകളിൽ ദിവ്യബലി അർപ്പിച്ചുതുടങ്ങിയത്. ഒറ്റയടിപ്പാതയിലൂടെയാണ് ചാലക്കുടിയിൽ നിന്നും അച്ചന്മാർ വന്നിരുന്നത്. പിറ്റേ ഞായറാഴ്ച ദിവ്യബലിയർപ്പിക്കാൻ വരുമ്പോഴേയ്ക്കും കാട്ടാനകൾ നശിപ്പിക്കുന്നതുകൊണ്ട് വീണ്ടും പനമ്പുകളുണ്ടാക്കി മറയ്ക്കേണ്ടിവന്നിരുന്നു.

കാട്ടാനകളുടെ ശല്യത്താൽ സഹികെട്ടപ്പോൾ, അത്ഭുതപ്രവർത്തകനായ വി. അന്തോണീസിന്റെ ഒരു ചെറിയ തിരുസ്വരൂപം (9 ഇഞ്ച് ഉയരവും മരംകൊണ്ടുള്ളതും) ചാലക്കുടിപ്പള്ളിയിൽ നിന്ന് കൊണ്ടുവന്ന് ഇവിടെ പ്രതിഷ്ഠിച്ചു. പിന്നീട് ആനശല്യം പള്ളിക്കുണ്ടായിട്ടില്ല എന്നാണ് പഴമക്കാർ പറയുന്നത്. ഈ അത്ഭുതത്തിന്റെ വെളിച്ചത്തിലാണ് വിശുദ്ധ അന്തോണീസിന്റെ ദേവാലയം എന്ന് പേരുവന്നത്. ഈ അടുത്തകാലം വരെ ഈ തിരുസ്വരൂപം കയ്യിൽ പിടിച്ചുകൊണ്ടായിരുന്നു വൈദികർ തിരുനാൾ പ്രദക്ഷിണത്തെ നയിച്ചിരുന്നത്.

## പൊളിച്ചു മാറ്റിയ ദേവാലയം

ചാലക്കുടിയുടെ കുരിശുപള്ളിയായി ഞായറാഴ്ച കുർബാനയിലൊതുങ്ങി വളരെക്കാലം തുടർന്നു. 1930 ആയപ്പോഴേക്കും, ഇന്നത്തെ പള്ളിപ്പറമ്പിൽ കിഴക്കുള്ള പാതയിലേക്ക് അഭിമുഖമായി പൊളിച്ച പള്ളിയുടെ തോറ പണികഴിഞ്ഞു. തോറയുടെ മുകൾവശവും മുഖവാരദ്വാരവും റോമൻ മാതൃകയിലുള്ള ആർച്ചുകളാണ്. തോറയ്ക്കു മുകളിൽ 10 അടി പൊക്കത്തിൽ ഭിത്തികൾ ഉയർത്തിയാണ് ഉത്തരം വച്ചിരുന്നത്. വളരെ ഉയരത്തിലാണ് മോന്തായം നിന്നിരുന്നത്. മോന്തായത്തിനൊപ്പം മുഖവാരം ഉയർന്നു നിന്നിരുന്നു. ഇടയ്ക്കിടെ ബീമുകളും കഴുക്കോലുകൾക്ക് രണ്ടുവീതം വളബന്ധങ്ങളും കുത്തുകളും മറ്റുമായി ഏതു കൊടുങ്കാറ്റിനും ചലിപ്പിക്കാൻ കഴിയാത്തവിധമുള്ള തച്ചുപണികളായിരുന്നു. മേച്ചിലുകൾ ഒരു പ്രത്യേക തരം ഒറ്റപ്പൊഴിയൻ ഓടുകൾകൊണ്ടായിരുന്നു. തെക്കേ ഭിത്തിയിൽ തോറയുടെ മുകളിലേക്ക് കടക്കുവാൻ ഒരു കവാടവും മുഖവാരത്തിൽ തായ്പള്ളിയിലേയ്ക്ക് ഒരു വാതിലും വച്ചിരുന്നു. തോറയുടെ അടിയിൽ തെക്കും വടക്കും വശങ്ങളിലേക്ക് ഓരോ ജനലും, വാതിലും ഉണ്ടായിരുന്നു. പടിഞ്ഞാറെ ഭിത്തിയോടുചേർന്ന് ത്രോണോസും അതിന്റെ മുകളിൽ വി. അന്തോണീസിന്റെ പ്രതിഷ്ഠയും. ഈ പ്രതിഷ്ഠയ്ക്കായി രണ്ടുരൂ

പങ്ങൾ രണ്ടു വീട്ടുകാർ സംഭാവന ചെയ്തു. മത്സരം ഒഴിവാക്കുവാൻ ആദ്യം സ്വർണ്ണമുടി തരുന്നവരുടെ രൂപം പ്രതിഷ്ഠിക്കുവാൻ തീരുമാനിക്കുകയും അപ്രകാരം രണ്ടര അടി ഉയരമുള്ള കൂട്ടിലിരുന്നിരുന്ന രൂപം വയ്ക്കുകയും മറ്റേ രൂപം പള്ളിയിൽ സൂക്ഷിയ്ക്കുകയും 1943-ൽ കനകമല കപ്പേളയിൽ പ്രതിഷ്ഠിക്കുകയും ചെയ്തു.

## വൈദികമന്ദിരം, സിമിത്തേരി

പള്ളിയുടെ തെക്കുവശത്ത് വൈദികർക്ക് താമസിക്കുവാൻ ഒരു ചെറിയ വീടും വടക്കുവശത്ത് സിമിത്തേരിയും പണിതിരുന്നു. പഴയ റോഡിനോട് ചേർന്ന് വെട്ടുകല്ലിൽ പണിത പഴയ ഒരു കുരിശു കപ്പേളയും ഉണ്ടായിരുന്നു. വഴി വീതികൂട്ടി N.H. 47 ആക്കിയപ്പോൾ കുരിശുകപ്പേള പൊളിച്ചുമാറ്റി 3 ദണ്ഡ് പടിഞ്ഞാറോട്ടു മാറ്റി ബഹു. സെബാസ്റ്റ്യൻ കാരാത്രയച്ചന്റെ കാലത്ത് ഇപ്പോഴത്തെ കുരിശുകപ്പേള പണിതു.

## ഇടവക

1832-ലാണ് പേരാമ്പ്ര പള്ളി ഇടവകയായിത്തീർന്നത്. പടിഞ്ഞാറു വശത്ത് പാറേക്കാട്ടുകര വരെയും, വടക്കു പടിഞ്ഞാറ് കൊളുത്തുർപ്പാടം വരെയും, വടക്ക് കിഴക്ക് വെള്ളിക്കുളം വരെയും കിഴക്ക് കനകമലയ്ക്കു കിഴക്കുവശത്തുള്ള മേട്ടിപ്പാടം വരെയും ഉള്ള കത്തോലിക്കരുടെ ഇടവകപ്പള്ളി ഇതായിത്തീർന്നു. തെക്കുവശത്തേക്കുള്ള ദൂരം 1 കി.മീ. മാത്രമാണ്. നാടു



വൈദികമന്ദിരം

കുന്നിന്റെ തെക്കേമുറിയിലുണ്ടായിരുന്ന പെരുംപാറക്കൂട്ടമായിരുന്നു അതിര്. അതിന് താന്നിപ്പാറ-ആശാരിപ്പാറ എന്നൊക്കെ പറയുന്നു. റോഡുപണിക്കും മറ്റുമായി തകർക്കപ്പെട്ടതിനാൽ ഇന്നവിടെ പെരുംപാറക്കൂട്ടത്തിന്റെ ചില അവശിഷ്ടങ്ങൾ മാത്രമാണുള്ളത്. ഈ 'പെരുംപാറ' രൂപാന്തരം പ്രാപിച്ചായിരിയ്ക്കാം പേരാമ്പ്രയെന്ന് പേരുണ്ടായത്.

## നടപ്പുര നിർമ്മാണം

ഈ കാലഘട്ടത്തിൽ തന്നെയാണ് ജനബാ



സി.എൽ.സി. നഴ്സറി സ്ക്കൂൾ

ഹുല്യത്തിനനുസരിച്ച് സൗകര്യങ്ങൾ പരിമിതമായതിനാൽ പള്ളിയുടെ ചില നവീകരണ പ്രക്രിയകൾ നടത്തിയത്. ചിറ്റിലപ്പിള്ളി ബഹു. യൗസേപ്പച്ചൻ ആയിരുന്നു വികാരി. മുഖവാരത്തോടു ചേർത്ത് ആനവാതിലിന്റെ ഇരുവശങ്ങളിലായി അൾത്താരകൾ ഉൾപ്പെടുത്തി, മുന്നോട്ടുനീട്ടി നടപ്പുരയും അതിന്റെ മുഖവാരവും നിർമ്മിച്ചു. നടപ്പുരയ്ക്ക് സമാന്തരമായി തെക്കുവശത്തുണ്ടായിരുന്ന (പൊളിച്ചുനീക്കിയ) ബംഗ്ലാവും പണിതീർത്തു.

## പുരോഗതിയുടെ പാതയിൽ

1976 മാർച്ചിലാണ് ചിറ്റിലപ്പിള്ളി ബഹു. ഇഗ്നേഷ്യസച്ചൻ വന്നത്. കുടുംബസമ്മേളനങ്ങൾ ആരംഭിച്ചു. പള്ളി പൊളിച്ചു പണിയുവാൻ ശ്രമം തുടങ്ങി. ഇടത്തും വലത്തും ഓരോ വിങ്ങ് പണിയുവാനാണ് അഭിവന്ദ്യപിതാവിൽ നിന്ന് അനുവാദം ലഭിച്ചത്. 30 x 22 വടക്കോട്ടും, 50 x 22 തെക്കോട്ടും വിങ്ങുകളും അടുക്കളയും തെക്കേ വിങ്ങിന്റെ മുകളിൽ അച്ചന്മാർക്കുള്ള മുറികളും പണിതുയർത്തി. തായ് പള്ളിയുടെ മേച്ചിൽ കളഞ്ഞ് ആസ്ബസ്റ്റോസ് ഷീറ്റ് മേഞ്ഞു.

## കുരിശുപള്ളികൾ

1974-ൽ തേശ്ശേരിയിൽ സ്ഥാപിതമായ കുരിശു



വി. റാഫേൽമാലാഖയുടെ കപ്പേള



സെന്റ് ആന്റണീസ് കപ്പേള



സെന്റ് ആന്റണീസ് കപ്പേള, N.H. 47

പള്ളി പുരോഗതിയുടെ പാതയിലാണ്. 1984-ൽ രൂപം കൊണ്ട വല്ലപ്പാടി കുരിശുപള്ളി പിന്നീട് സ്വതന്ത്ര ഇടവകയായി. അവിടെ ഒരു കോൺവെന്റും സ്ഥാപിച്ചിട്ടുണ്ട്.

## പുതിയ പള്ളി

ബഹു. ജോൺ അരിക്കാട്ടച്ചന്റെ കാലത്താണ് പുതിയ പള്ളിക്ക് തറക്കല്ലിട്ടത്. 2000 ജനുവരി 27-ന് അദ്ദേഹം സ്ഥലം മാറിപ്പോയി. 20.7.2000-ൽ വന്ന ബഹു. പോൾ മംഗലൻ അച്ചന്റെ നേതൃത്വത്തിൽ 3 വർഷം പൂർത്തിയായ ദിവസംതന്നെ 27.1.2003-ൽ ഒന്നരകോടി ചെലവു വരുന്ന പുതിയ പള്ളിയും വൈദികമന്ദിരവും മാർ ജെയിംസ് പഴയാറ്റിൽ ആശീർവദിച്ചു.



തേശ്ശേരി കുരിശുപള്ളി

## സ്ക്കൂൾ

തോട്ടപ്പിള്ളി ബഹു. അഗസ്റ്റിനച്ചനാണ് ഇവിടെ എൽ.പി. സ്ക്കൂൾ തുടങ്ങിയത്. 1923-ൽ അതിന് അനുവാദം വാങ്ങി. 1960-ലാണ് ബഹു. ജോർജ്ജ് ചൂണ്ടലച്ചൻ പള്ളിയുടെ മുഖം മറച്ച് നിന്നിരുന്ന സ്ക്കൂൾ കെട്ടിടം തെക്കേ പറമ്പിലേക്ക് മാറ്റി പണിയിച്ചത്. 1978 മാർച്ചിൽ ബഹു. ചിറ്റിലപ്പിള്ളി ഇഗ്നേഷ്യസച്ചൻ യു.പി. സ്ക്കൂളിന്റെ ഓഫീസ് നിൽക്കുന്ന രണ്ടു നില കെട്ടിടം പണിതു. 1979-ൽ യു.പി. സ്ക്കൂളായി ഉയർന്നു.

## കോൺവെന്റുകൾ

തിരുക്കുടുംബ സന്യാസിനീസമൂഹത്തിന്റെ ഒരു ഭവനം 1974-ൽ ഇവിടെ സ്ഥാപിതമായി. ക്രമേണ ഇത് ഡൽഹി ആസ്ഥാനമായുള്ള ശാന്തിധാരാ പ്രോവിൻസിന്റെ മിഷൻ ഹൗസായിത്തീർന്നു. മിഷനിലേയ്ക്കുള്ള ദൈവവിളി പോഷണത്തിലും ഇടവകയിലെ വിവിധ ശുശ്രൂഷാരംഗങ്ങളിലും ഇവർ സഹകരിക്കുന്നു. സിസ്റ്റേഴ്സ് ഓഫ് സെന്റ് ലിയോബ എന്ന വിഭാഗത്തിൽ പെട്ട ഒരു സന്യാസിനിഭവനം 1979-ൽ അപ്പോളോ ടയർ കമ്പനിയുടെ തെക്കുവശത്ത് ഇടവകയിൽ സ്ഥാപിതമായി. ദൈവവിളി പരിപോഷണത്തിനും അർത്ഥിനികളുടെ പരിശീലനത്തിനുംവേണ്ടി സ്ഥാപിതമായ ഈ ഭവനത്തിലെ ബഹു. സിസ്റ്റേഴ്സ് ഇടവകയിലെ വിവിധ ശുശ്രൂഷകളിൽ വ്യാപൃതരാണ്.



സെന്റ് ആന്റണീസ് യു.പി. സ്ക്കൂൾ



തേശ്ശേരി പഴയപള്ളി



ഹോളിഫാമിലി കോൺവെന്റ്



ലിയോബ കോൺവെന്റ്